**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2757** **14-09-2023 - ൽ മറുപടിയ്ക്ക്**

**സംരംഭക വർഷം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | 2023-24-ൽ സംരംഭക വർഷം പദ്ധതി പ്രകാരം എത്ര സംരംഭങ്ങളാണ് സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ; | (എ) | സംരംഭകവർഷം 2.0 (2023-24) പദ്ധതിയുടെ ഭാഗമായി 2023 ഏപ്രിൽ 01 മുതൽ സെപ്റ്റംബർ 4 വരെയുള്ള കണക്ക് പ്രകാരം സംസ്ഥാനത്ത് 12914 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | നിലവിൽ എത്ര നാനോ വ്യവസായ യൂണിറ്റുകളാണ് പ്രവർത്തിക്കുന്നത്; വിശദമാക്കാമോ; | (ബി) | വ്യവസായ വകുപ്പ് മുഖേന നടപ്പിലാക്കുന്ന മാർജിൻ മണി ഗ്രാന്റ് ടു നാനോ യൂണിറ്റ്സ്, നാനോ ഗാർഹിക യൂണിറ്റുകൾക്കുള്ള പലിശ സബ്സിഡി എന്നീ പദ്ധതികൾ പ്രകാരം ആണ് നാനോ യൂണിറ്റുകൾക്ക് ആനുകൂല്യം നല്കുന്നത്. ഇപ്രകാരം ആനുകൂല്യം നൽകിയിട്ടുള്ള 1930യൂണിറ്റുകളിൽ 1856 യൂണിറ്റുകൾ നിലവിൽ പ്രവർത്തിച്ചുവരുന്നു. |
| (സി) | ജില്ലകൾ തോറും എം.എസ്.എം. ഇ. ക്ലിനിക്കുകൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ? | (സി) | സംരംഭകരുടെ സംശയങ്ങൾ ദൂരീകരിക്കുന്നതിനും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ ഉപദേശങ്ങൾ നൽകുന്നതിനുമായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ സ്ഥാപിതമായിട്ടുള്ള സംവിധാനം ആണ് എം. എസ്. എം. ഇ ക്ലിനിക്കുകൾ. ഇതിനായി ഓരോ ജില്ലയിലും വിവിധ മേഖലകളിൽ പ്രാഗൽഭ്യം തെളിയിച്ചതും സംരംഭകരുടെ സംശയങ്ങൾ ദൂരീകരിക്കാൻ പ്രാപ്തരായവരുമായ വിദഗ്ധരുടെ ഒരു പാനൽ രൂപീകരിച്ചിട്ടുണ്ട്. വിവിധ സംശയങ്ങളുമായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ എത്തുന്ന സംരംഭകർക്ക് ഏറ്റവും അനുയോജ്യനായ പാനലിസ്റ്റുമായി കൂടിക്കാഴ്ചയ്ക്കും സംശയദൂരീകരണത്തിനും ജില്ലാ വ്യവസായ കേന്ദ്രം മുഖാന്തിരം സൗകര്യം ചെയ്തു കൊടുക്കുന്നതാണ്. ഒരു പാനലിസ്റ്റിന്റെ സേവനം തൃപ്തികരമല്ലെങ്കിൽ അതേ വിഷയത്തിലെ മറ്റൊരു പാനലിസ്റ്റുമായി സംവദിക്കാനുള്ള അവസരം സംരംഭകന് ഉണ്ടായിരിക്കുന്നതാണ്. ബാങ്കിങ്, ലൈസൻസുകളും അനുമതികളും, പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കൽ, കയറ്റുമതി, ജി.എസ്.ടി, നിയമം, മാർക്കറ്റിങ്, |

| | | | |
|---|---|---|---|
| | | | സാങ്കേതിക വിദ്യ എന്നീ വിഷയങ്ങളിലാണ് നിലവിൽ പാനൽ രൂപീകരിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ